milma
Kerala Co-operative Milk Marketing Federation Ltd.
Cattle Feed Plant, Pattanakkad P.O., Alappuzha- 688 531
Phone: 0478-2831100, 2831101, 2831122, Email: cfp@milma.com, Website: www.milma.com

CFP/MKTG/MP-01/2023/ 23.10.2023

## MARKETING PROMOTER – WALK IN INTERVIEW

എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ ആകർഷകമായ ഇൻസെന്റീവ് വ്യവസ്ഥയിൽ മിൽമ കാലിത്തീറ്റ Target പ്രകാരം വിപണനം നടത്തുന്നതിന് മാർക്കറ്റിംഗിൽ പരിചയവും പ്രാവീണ്യവുമുള്ളവരെ ആവശ്യമുണ്ട്.

**പ്രായം** : 40 വയസ്സിന് താഴെ
**ജെൻഡർ** : പുരുഷൻ
**യോഗ്യത:**

- ഏതെങ്കിലും വിഷയത്തിൽ ബിരുദം
- കാലിത്തീറ്റ വിപണനത്തിലോ, മിൽമയുമായുള്ള അനുബന്ധ മേഖലകളിലോ പ്രവൃത്തി പരിചയമുള്ളവർ (അഭികാമ്യം).
- കുറഞ്ഞത് 1 വർഷം ഏതെങ്കിലും കമ്പനിയുടെ മാർക്കറ്റിംഗ്/സെയിൽസ് വിഭാഗത്തിൽ ഫീൽഡ് വർക്ക് ചെയ്തുള്ള പരിചയം
- Two Wheeler/Four Wheeler ഓടിക്കുന്നതിനുള്ള ലൈസൻസ്

(മുകളിലെ രണ്ടും: നിർബന്ധം)

- അതാത് ജില്ലയിൽപെട്ടവർക്ക് മുൻഗണന

## വ്യവസ്ഥകൾ

1. പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുടെ പരിധിയിൽ വരുന്ന എറണാകുളം, കോട്ടയം ജില്ലകളിൽ മിൽമ കാലിത്തീറ്റ ഓർഡറുകൾ Target പ്രകാരം എടുത്ത് സമയബന്ധിതമായി ഫാക്ടറിക്ക് ഇൻഡന്റ് നൽകുവാൻ പ്രൊമോട്ടർ പ്രാപ്തരായിരിക്കണം.
2. തെരെഞ്ഞെടുക്കുന്ന പ്രൊമോട്ടർമാർ നിർദ്ദിഷ്ട ജില്ലയിലെ ക്ഷീര സംഘങ്ങൾ, ഫാം, ഗവ:/പ്രൈവറ്റ് സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.
3. ഓരോ മാസവും ഓർഡർ നൽകുന്ന കാലിത്തീറ്റ ബാഗുകളുടെ എണ്ണം കണക്കാക്കി Incentive Slab –ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രൊമോട്ടർക്ക് പ്രതിഫലം ലഭിക്കുന്നതാണ്.
4. തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാർ ആദ്യത്തെ 3 മാസം പ്രതിമാസ അടിസ്ഥാന Target ആയ 4000 ബാഗിനുള്ള (200 MT) ഇൻഡന്റ് സ്വരൂപിച്ച് ഓർഡർ നൽകേണ്ടതാണ്. അല്ലാത്തപക്ഷം സേവനം തൃപ്തികരമല്ലെന്ന് കണക്കാക്കി നിയമനം റദ്ദ് ചെയ്യാവുന്നതാണ്.

5. തുടർന്നുള്ള മാസങ്ങളിൽ വിപണനം മെച്ചപ്പെടുത്തേണ്ടതും മുകൾ Slab -കളിലേക്ക് എത്തിക്കേണ്ടതുമാണ്.

6. പ്രൊമോട്ടർ നേരിട്ട് സമാഹരിക്കുന്ന ഓർഡറുകൾ ബില്ല് ആകുന്ന പ്രകാരമേ ഇൻസെന്റീവിനായി പരിഗണിക്കൂ.

7. പ്രൊമോട്ടർമാരുടെ നിയമന കാലാവധി 1 വർഷത്തേക്കായിരിക്കും. ഇതിൽ ആദ്യത്തെ മൂന്നുമാസം പരീക്ഷണാടിസ്ഥാനത്തിലും പ്രവൃത്തി വിജയകരമെന്ന് കണ്ടാൽ കാലാവധി നീട്ടിനൽകുന്നത് പരിഗണിക്കുന്നതുമായിരിക്കും.

8. പ്രൊമോട്ടർ ആയി തെരെഞ്ഞെടുക്കപ്പെടുന്നപക്ഷം 500/- രൂപയുടെ മുദ്രപത്രത്തിൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ അനുശാസിക്കുന്ന നിബന്ധനകൾക്കനുസൃതമായി പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള എഗ്രിമെന്റ് നൽകേണ്ടതാണ്.

9. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി Rs.10,000/- രൂപ കമ്പനി അക്കൗണ്ടിൽ ഒടുക്കി 10 ദിവസത്തിനകം രസീത് സമർപ്പിക്കേണ്ടതുമാണ്.

10. പ്രൊമോട്ടറുടെ കഴിവും, പ്രവൃത്തിയുടെ വിശകലനവും കമ്പനി സമയാസമയങ്ങളിൽ നടത്തുന്നതാണ്.

11. പ്രൊമോട്ടർമാർ സമാഹരിക്കുന്ന ഇൻഡെന്റുകൾ ബില്ല് ആകുന്ന മുറയ്ക്ക് ബാഗുകളുടെ എണ്ണം കണക്കാക്കി നിശ്ചിത സ്ലാബ് പ്രകാരമുള്ള പ്രതിഫലം തൊട്ടടുത്ത മാസം അക്കൗണ്ടിൽ ലഭിക്കുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

Walk in Interview -ന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ സ്വന്തം പേര്, ജനന തീയതി, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ, ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് എന്നിവ സഹിതം വെള്ളക്കടലാസിൽ അപേക്ഷ തയ്യാറാക്കി സ്വയം സാക്ഷ്യപ്പെടുത്തി ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

Walk in Interview താഴെ പറയും തീയതികളിൽ മിൽമയുടെ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ വെച്ച് നടത്തുന്നതാണ്. (ചേർത്തല - എറണാകുളം റൂട്ടിൽ തുറവൂരിനും പൊന്നാംവെളിക്കും ഇടക്ക് NH66 -ലാണ് കാലിത്തീറ്റ ഫാക്ടറി സ്ഥിതി ചെയ്യുന്നത്).

## Walk in Interview - തീയതി

**എറണാകുളം ജില്ല – 27.10.2023 (വെള്ളി)**

**കോട്ടയം ജില്ല – 28.10.2023 (ശനി)**

**(സമയം 10.00 AM –3.00 PM വരെ)**

കൂടുതൽ വിവരങ്ങൾക്ക് **8078235655** എന്ന നമ്പരിൽ ബന്ധപ്പെടുക.

**മാനേജർ**